"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് - ' താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം ' എന്ന പ്രവൃത്തി - ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.602/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 2019-2020 -ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 765 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി.

2 കായിക യുവജനകാര്യ ഡയറക്ടറുടെ 29.05.2020 ലെ AE 5-415/20/DSYA നമ്പർ കത്ത്.

<u>ഉത്തരവ്</u>

മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തി 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 765 ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി കായിക വകുപ്പുമായി ബന്ധപെട്ടതാണെങ്കിലും ഇതിനനുവദിച്ച തുക തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബജറ്റ് ഹെഡ്ഡിൽ ആണ് വകയിരുത്തിയിരിക്കുന്നതെന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (2 ) കത്ത് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ചിരുന്ന 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയം ഭരണവകുപ്പിന് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിഭാഗം സമർ പ്പിച്ച DPR, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതാണെന്ന നിബന്ധനയോടെയും കായിക യുവജനകാര്യ കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസിയാക്കിക്കൊണ്ടും 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 765 ആയി ഉൾപ്പെട്ട മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ടി പ്രവർത്തിക്കുള്ള ചെലവ് 4515-00-800-92-Works Included in Appendix II to the detailed Budget Estimates-NP-V എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.പ്രവർത്തിയുടെ പുരോഗതിയ്ക്കനുസരിച്ച് യുവജനകാര്യ കാര്യാലയം ലഭ്യമാക്കുന്ന ബില്ലുകൾക്ക മേൽ ശീർഷകത്തിൽ നിന്നും തുകകൾ CCO ആയ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ യുവജനകാര്യ കാര്യാലയത്തിന് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കായിക യുവജനകാര്യലയം ഡയറക്ടർ , തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട് )

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, താമരക്കുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ .

ഫിനാൻസ് വകുപ്പ്(1682515/ഡെവ .3/16/2021/ധന.തീയതി11.02.2021)

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ )വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.23 14:03:50 IST
Reason: Approved
സെക്ഷൻ ഓഫീസർ